പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3066 13.03.2018 -ലെ മറുപടിക്ക്

## കെ എസ് ആർ ടി സി ബസ് ജീവനക്കാരുടെ പെരുമാറ്റം

ചോദ്യം

ശ്രീ. വി.അബ്ദുറഹിമാൻ

ഉത്തരം

എ.കെ. ശശീന്ദ്രൻ

(ഗതാഗതവകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ കെ എസ് ആർ ടി സി ലെ ഡ്രൈവർ, കണ്ടക്ടർ ഉൾപ്പെടെയുള്ളവരുടെ പെരുമാറ്റം സംബന്ധിച്ച് നിരവധി പരാതികൾ ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉയർന്ന സാംസ്കാരിക നിലവാരമനുസരിച്ച് സംയമനത്തോടും സേവന മനോഭാവത്തോടും കൂടി ജീവനക്കാർ യാത്രക്കാരോട് പെരുമാറുന്നതിനായി പ്രത്യേക പരിശീലനമോ മാനേജ്മെന്റ് ട്രെയിനിംഗോ ജീവനക്കാർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; | (ബി) | കെ.എസ്.ആർ.ടി.സി.യിലെ എല്ലാ വിഭാഗം ജീവനക്കാർക്കും, കാലകാലങ്ങളിൽ അവരവരുടെ ജോലി സംബന്ധമായ മേഖലയുമായി ബന്ധപ്പെട്ട് പ്രത്യേക പരിശീലനങ്ങൾ നൽകി വരുന്നുണ്ട്. കെ.എസ്.ആർ.ടി.സി. യും മഹീന്ദ്രാ & മഹീന്ദ്രാ യുടെ മഹീന്ദ്രാ പ്രൈഡ് സ്കൂളുമായി സംയോജിച്ച് 2017 ഒക്ടോബർ മാസത്തിൽ തിരുവനന്തപുരം ജില്ലയിലെ 4,000 ത്തോളം കണ്ടക്ടർ വിഭാഗം ജീവനക്കാർക്കായി വ്യക്തിമര്യാദകളെ കുറിച്ചും, യാത്രക്കാരോടുള്ള പെരുമാറ്റത്തെ കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനായി പരിശീലന പരിപാടി സംഘടിപ്പിച്ചിരുന്നു. |
| (സി) | യാത്രക്കാരോടുള്ള മോശം പെരുമാറ്റത്തിന് ലഭിക്കുന്ന പരാതികൾ | (സി) | അത്തരത്തിൽ പരാതികൾ ശ്രദ്ധയിൽ പെട്ടിട്ടുള്ള സന്ദർഭങ്ങളിൽ വിശദമായ |

| | | | |
|---|---|---|---|
| | പരിശോധിച്ച് കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ ; | | അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | കെ.എസ്.ആർ.ടി.സി യെ ജനസൗഹൃദമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ് ; വിശദാംശം ലഭ്യമാക്കുമോ ? | (ഡി) | ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേക്കും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോട് കൂടിയ എയർ എക്സ്പ്രസ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന റൂട്ടുകളിലേക്കും പുതിയ സർവ്വീസുകളും, വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ പുതിയ 10 സ്കാനിയ ബസ്സുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**